(സി & ഡി) ടി പണിയുടെ ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബസ്ബേയുടെ പണി തുടങ്ങുന്നതും സമയബന്ധിതമായി പൂർത്തിയാക്കുന്നതുമാണ്.

കൊല്ലം-തേനി ദേശീയപാതയുടെ അലൈൻമെന്റ് പുനർനിർണ്ണയം

224 (821) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തേനി ദേശീയപാതയുടെ (എൻ. എച്ച് 220) അലൈൻമെന്റ് പുനർനിർണ്ണയം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. കൊല്ലം-തേനി ദേശീയപാതയുടെ കൊല്ലം മുതൽ കോട്ടയം വരെയുള്ള അലൈൻമെന്റ് പുനർനിർണ്ണയിക്കാനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കോട്ടയം മുതൽ തേനിവരെ നിലവിൽ ദേശീയപാത ആയതുകൊണ്ട് അലൈൻമെന്റിൽ മാറ്റമില്ല.

ബസ് ഷെൽട്ടറുകൾ

225 (822) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം നഗരപരിധിയിൽ എത്ര ബസ് ഷെൽട്ടറുകൾ പണിയുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഇതുവരെ എത്ര ബസ് ഷെൽട്ടറുകൾ സ്ഥാപിച്ചു ;

(സി) ഈ വർഷം ഇനി എത്ര ഷെൽട്ടറുകൾ കൂടി നിർമ്മിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ബസ് ഷെൽട്ടറിന്റെ ഒരു മാതൃക മ്യൂസിയം ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly